# ACADEMIC MASTER PLAN
# 2025-26



# G.H.S.S KODAKARA






## <u>ആമുഖം</u>

പൊതുവിദ്യാലയങ്ങൾ നാടിന്റെ ശ്രദ്ധാകേന്ദ്രങ്ങൾ ആകുന്നവിധം പരിവർത്തനം വരുത്താൻ സാധിച്ചതിന് പിന്നിൽ കൃത്യമായ ആസൂത്രണവും ലക്ഷ്യബോധവും ഉണ്ടായിരുന്നു . ഒരു വിദ്യാർത്ഥി ഉത്തമപൗരൻ ആയി രൂപപ്പെടുന്നതിൽ പ്രഥമ പങ്ക് വിദ്യാലയത്തിലാണ്. ഒരു നാടിന്റെ സാംസ്കാരിക പാരമ്പര്യം വെളിപ്പെടുത്തുന്ന വിജ്ഞാനകേന്ദ്രം ആണ് അവിടത്തെ പൊതുവിദ്യാലയം. വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും സാംസ്കാരികപ്രവർത്തകരും ഭരണകൂടവും ഒരുമിച്ച് പ്രവർത്തിക്കുമ്പോഴാണ് പൊതുവിദ്യാലയങ്ങളിൽ അക്കാദമികപ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ ആവുക.ഇത്തരം പ്രവർത്തനങ്ങൾ ശിശു കേന്ദ്രീകൃതമാകുകയും വേണം. ഇതിനായി കൃത്യമായ ആസൂത്രണവും മുന്നൊരുക്കങ്ങളും ആവശ്യമാണ്. ഇത് വിശദമായ ഒരു അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു .




## <u>ആമുഖം</u>

പൊതുവിദ്യാലയങ്ങൾ നാടിന്റെ ശ്രദ്ധാകേന്ദ്രങ്ങൾ ആകുന്നവിധം പരിവർത്തനം വരുത്താൻ സാധിച്ചതിന് പിന്നിൽ കൃത്യമായ ആസൂത്രണവും ലക്ഷ്യബോധവും ഉണ്ടായിരുന്നു . ഒരു വിദ്യാർത്ഥി ഉത്തമപൗരൻ ആയി രൂപപ്പെടുന്നതിൽ പ്രഥമ പങ്ക് വിദ്യാലയത്തിലാണ്. ഒരു നാടിന്റെ സാംസ്കാരിക പാരമ്പര്യം വെളിപ്പെടുത്തുന്ന വിജ്ഞാനകേന്ദ്രം ആണ് അവിടത്തെ പൊതുവിദ്യാലയം. വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും സാംസ്കാരികപ്രവർത്തകരും ഭരണകൂടവും ഒരുമിച്ച് പ്രവർത്തിക്കുമ്പോഴാണ് പൊതുവിദ്യാലയങ്ങളിൽ അക്കാദമികപ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ ആവുക.ഇത്തരം പ്രവർത്തനങ്ങൾ ശിശു കേന്ദ്രീകൃതമാകുകയും വേണം. ഇതിനായി കൃത്യമായ ആസൂത്രണവും മുന്നൊരുക്കങ്ങളും ആവശ്യമാണ്. ഇത് വിശദമായ ഒരു അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു .

## പൊതുലക്ഷ്യങ്ങൾ

ഈ വർഷത്തെ മാസ്റ്റർപ്ലാൻ പൊതു ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. എല്ലാ കുട്ടികൾക്കും സൗഹൃദപരമായതും കുട്ടികളെ കേന്ദ്രീകരി ച്ചിട്ടുള്ളതുമായ രീതിയിൽ പഠനവും പാഠ്യേതരപ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ
ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും നിരന്തര മൂല്യനിർണയം നടത്തി വിലയിരുത്തൽ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

3. കുട്ടികൾ അതാതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തുക.

4. മികവ് 2022 USS, NMMS, NTSE, Scholarship, Full A+ കളുടെ എണ്ണം എന്നിവ കൂട്ടുക.

5. പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ I C Tസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.

6. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തരപിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

7. അക്ഷരം പദ്ധതിയിലൂടെ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി സംസാരിക്കാനും, വായിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളും ഉറപ്പാക്കുക.

8. കുട്ടിയുടെ പഠനതാത്പര്യത്തെയും വ്യക്തിത്വവികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാരബോധനപ്രക്രിയയും നിരന്തരമൂല്യനിർണയപ്രക്രിയയും നടത്തുക.

9. അക്കാദമികമായഉണർവ്വ് ജനിപ്പിക്കുന്നതിൽ എല്ലാ അദ്ധ്യാപകരുടെയും അറിവിന്റെ സംഭാവനകൾ പരിഗണിക്കുക.

10. പഠനത്തിൽ മുന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന, കോച്ചിംഗ് ക്ലാസ് സംഘടിപ്പിക്കുക.

11. ലൈബ്രറി വികസനം സാധ്യമാക്കുക.(ക്ലാസ്സ് ലൈബ്രറി, ടീച്ചേഴ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി)

12. പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠനം ഉറപ്പാക്കുക.

13. അദ്ധ്യാപകരുടെ I C Tപ്രവർത്തനങ്ങൾ പഠനപ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കുക.

14. പുതിയ പുതിയ ടീച്ചിംഗ് എയ്ഡ്സ് നിർമിച്ച് പഠനപ്രക്രിയ എളുപ്പമാക്കുക.

15. ശാസ്ത്രമേളകളിലും ക്ലബ് പ്രവർത്തനങ്ങളിലും സയൻസ് ലാബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക.

# <u>മലയാളം</u>

ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ

എഴുത്തിന്റെയും വായനയുടെയും മഹാ സാഗരത്തിലേക്ക് വിദ്യാർഥികളെ നയിക്കുന്നതിനായി ,പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെക്കൂടി മുൻ നിരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി മാറ്റുന്നു.

ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം,എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തൽ
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത സജ്ജീകരിക്കൽ

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഭൗതികം | സാമ്പത്തിക_പിന്തുണ |
|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദനിർമ്മാണം<br>• വാക്യനിർമ്മാണം<br>• പദ കേളി<br>• നാക്കുളുക്കി വാക്യങ്ങൾ പരിശീലിക്കൽ | ജൂൺ-ഡിസംബർ | മലയാളം അധ്യാപകർ | അക്ഷര ചാർട്ട്, പാഠപുസ്തകം, പതിപ്പുകൾ | Rs.2000/- PTA, BRC |
| 2 | എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>• പുതുവർഷം - പുസ്തക വർഷം<br>• വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ )<br>• സ്കൂൾ ലൈബ്രറി നവീകരണം<br>• വായനോത്സവം<br>• ജന്മദിന പുസ്തകം<br>• പത്രവായന | ജൂൺ -ഫെബ്രുവരി | മലയാളം അധ്യാപകർ , വിദ്യാരംഗം ചുമതലയുള്ള അധ്യാപകർ | പത്രങ്ങൾ, മാസികകൾ, മറ്റു പുസ്തകങ്ങൾ | Rs.4000/- BRC, DIET, SCERT |
| <u>3</u> | പത്രവായന പരിപോഷിപ്പിക്കൽ | • പരമാവധി പത്രങ്ങൾ സ്പോൺസർഷി | ജൂൺ-മാർച്ച് | മലയാളം, വിദ്യാരംഗം | വിവിധ പത്രങ്ങൾ | Sponsor-ship, |

| | | | | | | |
|---|---|---|---|---|---|---|
| | | പ്പിലൂടെ ലഭ്യമാക്കൽ<br>● ഓരോ ക്ലാസിനും ഓരോ പത്രം<br>● പത്രവാർത്തകളുടെ അവതരണം<br>● പത്ര ക്വിസ് | | അധ്യാപകർ | | OSA |
| 4 | സർഗശേഷി വികസനം | ● സാഹിത്യ ക്വിസ്<br>● ക്ലാസ് തല, സ്കൂൾ തല പത്രം പ്രസിദ്ധീകരിക്കൽ<br>● സാഹിത്യകാരന്മാരുമായി സംവദിക്കൽ<br>● പുസ്തക ചർച്ച<br>● കവിതാലാപന മത്സരം<br>● അമ്മമാർക്കൊരു പുസ്തകം | വർഷത്തിൽ ഒരു തവണ<br><br>മാസത്തിൽ ഒരു തവണ<br><br>ആഴ്ച തോറും | SRG , വിദ്യാരംഗം | ലൈബ്രറി, സ്കൂൾ പത്രങ്ങൾ | Rs.3000/- PTA, OSA |
| 5 | കാവ്യകൂട്ടം | കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ രചനകൾ, പ്രാദേശിക കവികൾ, സാഹിത്യകാരന്മാർ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം നടത്തുന്നു | വർഷത്തിൽ ഒരു തവണ | SRG, വിദ്യാരംഗം, മലയാളം അധ്യാപകർ | | Sponsor-ship, BRC |
| 6 | പൊതുവേദിയിലെ പ്രകടനങ്ങൾ | കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്, സർഗവേള, ബാലസഭ എന്നിവ പ്രയോജനപ്പെടുത്തുന്നു | ആഴ്ച തോറും | വിദ്യാരംഗം, മലയാളം അധ്യാപകർ | | BRC |
| 7 | വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ, തലക്കെട്ടിനനുസരിച്ച് ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ, വിവിധ മേഖലയിലെ സൃഷ്ടികൾ പരിചയപ്പെടൽ<br>സൃഷ്ടി നടത്തൽ, സെമിനാർ | ജൂൺ-മാർച്ച് | മലയാളം അധ്യാപകർ | ലൈബ്രറി | BRC, PTA, OSA |
| 8 | ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ | white board, videos | ആഴ്ച തോറും | Resource teacher | special class room | BRC, PTA, OSA |

## സംസ്കൃതം

| ക്രമ സംഖ്യ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 1 | കേൾവി | സംസ്കൃത ഗാനങ്ങൾ കേൾപ്പിക്കുന്നു. അക്ഷര ഗാനം, സംഖ്യാ ഗാനം, സുഭാഷിതങ്ങൾ എന്നിവ കൂടെ പാടിക്കുന്നു. | 1 മാസം | സംസ്കൃതം അധ്യാപിക | |
| 2 | ഉച്ചാരണം | അക്ഷരക്രമത്തിൽ ശ്ലോകങ്ങൾ കണ്ടെത്തുന്നു.അക്ഷര ശ്ലോക സദസ് നടത്തുന്നു | 1 കൊല്ലം | സംസ്കൃതം അധ്യാപിക | |
| 3 | എഴുത്ത് | എഴുത്ത് രീതി പരിചയപ്പെടുത്തുന്നു. കുത്തുകയോജിപ്പിച്ച് അക്ഷരങ്ങളുടെ എഴുത്തും വായനയും നടത്തുന്നു. ഗ്രൂപ്പുകളിൽ വർണ്ണമാലാചാർട്ട് നിർമ്മാണം നടത്തുന്നു | 1 മാസം | സംസ്കൃതം അധ്യാപിക | |
| 4 | കലാവബോധം | സംസ്കൃതോത്സവ ഇനങ്ങളെ പരിചയപ്പെടുത്തുന്നു | 2 മാസം | സംസ്കൃതം അധ്യാപിക | |
| 5 | വായന | വായനാസാമഗ്രികളുടെ ശേഖരണം, വായനാ കാർഡുകളുടെ നിർമാണം, സംസ്കൃത പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. കഥാകഥനം | 1 കൊല്ലം | സംസ്കൃതം അധ്യാപിക | |
| 6 | അവതരണം | സംഭാഷണം, നാടകാഭിനയം | 1 കൊല്ലം | സംസ്കൃതം അധ്യാപിക | തുടർ പ്രവർത്തനം |
| 7 | ചിത്രീകരണം | വിവിധ ഡോക്യുമെന്ററികൾ നിർമ്മിക്കൽ | 1 കൊല്ലം | സംസ്കൃതം അധ്യാപിക | തുടർ പ്രവർത്തനം |
| 8 | ചരിത്രബോധനം | മഹാന്മാരെ അറിയൽ, മഹാന്മാരുടെ ചിത്രശേഖരണം, മഹാന്മാരുടെ ജീവിതരേഖ തയ്യാറാക്കൽ | 1 കൊല്ലം | സംസ്കൃതം അധ്യാപിക | |

# English

| Sl No. | Aim | Activity | Duration | Authority |
|---|---|---|---|---|
| 1 | For the improvement of vocabulary skills | • Placard & chart making<br>• Word game<br>• Puzzle game<br>• Dictionary making | June - September | English teachers |
| 2 | To find out inner talents and social cohesion | • Role play and skit presentation. The pupils are divided into four or five groups and the presentation of lesson by the groups.<br>• Poster making<br>• Notice board presentation<br>• Newspaper reading and speech in assembly | October - December | English teachers & club members |
| 3 | To enrich language skills like listening and speaking. | • Group discussions<br>• Debates<br>• Seminars | January - February | English teachers, peer group |
| 4 | To help the development or reading & writing ability | • Pupils are sent to the library once in a week to gather awareness of literary works and write a short note of it.<br>• Asks to write verses and stories themselves. | June - February | English teachers, Library teacher |

# ഹിന്ദി

| ക്രമ സം ഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പാക്കൽ<br>• അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ Pre-test നടത്തി, മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു | ജൂൺ-ആഗസ്റ്റ് | അക്ഷര ചാർട്ട് പാഠപുസ്തകം | BRC, Resource teachers |
| 2. | കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് പഠിക്കുക | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ളവസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>• ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ-ഒക്ടോബർ | ഹിന്ദി നിഘണ്ടു | PTA, BRC, Resource Teachers |
| 3. | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം | • അസംബ്ലി<br>• ദിനാചരണങ്ങൾ<br>• ക്ലാസ് ലൈബ്രറി<br>• അധിക വായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• ചിത്രം - കഥ പറയൽ<br>• ചിത്രം - കഥ എഴുതൽ<br>• കഥ ബാക്കി എഴുതൽ<br>• വായനാമൂല<br>• ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ - ഫെബ്രുവരി | ഹിന്ദി ഭാഷയിലുള്ള പുസ്തകങ്ങൾ | BRC, PTA |

# സയൻസ്

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | പ്രകൃതി സംരക്ഷണം, സസ്യസംരക്ഷണം | • ലോക പരിസ്ഥിതിദിനത്തോടനു ബന്ധിച്ച് വൃക്ഷത്തൈ നടൽ, വളർച്ച നിരീക്ഷിക്കൽ,<br>• സ്കൂളിൽ പച്ചക്കറിത്തോട്ടം, അടുക്കളത്തോട്ടം, നട്ടുപിടിപ്പിക്കൽ പരിപാലനം | ജൂൺ, ജൂലായ് | പരിസ്ഥിതി ക്ലബ്, സയൻസ് അധ്യാപകർ |
| 2 | ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക | • ഊർജം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഊർജ്ജം പാഴാകുന്ന വ്യത്യസ്ത സന്ദർഭങ്ങളും വ്യക്തമാക്കുന്ന ക്ലാസ്<br>• നിരീക്ഷണത്തിലൂടെ സ്വന്തം വീട്ടിലെയും മറ്റ് വീടുകളിലെയും ഊർജ്ജം പാഴായി പോകുന്ന സന്ദർഭങ്ങൾ കണ്ടെത്തുന്നു<br>• LED Bulb നിർമാണം | ജൂൺ -ഫെബ്രുവരി | സയൻസ് അധ്യാപകർ, രക്ഷിതാക്കൾ |
| 3 | ശാസ്ത്ര ബോധം വളർത്തുന്നതിന് | • ശാസ്ത്ര മൂല -ക്ലാസ് മുറികളിൽ<br>• ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ<br>• ശാസ്ത്ര പഠന യാത്ര | ജൂൺ- ഫെബ്രുവരി | സയൻസ് ക്ലബ് അംഗങ്ങൾ, അധ്യാപകർ |
| 4 | ആരോഗ്യ സംരക്ഷണം, ലഹരി ബോധവൽക്കരണം | • ലഹരി ബോധവൽക്കരണ ക്ലാസ്<br>• സർവേ , ഇന്റർവ്യൂ | ജൂൺ- സെപ്റ്റംബർ | സയൻസ് അധ്യാപകർ, ഹെൽത്ത് ക്ലബ് അംഗങ്ങൾ |
| 5 | ലാബ് ഉപകരണങ്ങൾ കൈകാര്യം ചെയ്യുക, പരീക്ഷണങ്ങളിലൂടെ അറിവു നേടുക | • ലാബ് നവീകരിക്കുന്നു.<br>• ലാബ് ഉപകരണങ്ങൾ ക്രമീകരിക്കുന്നു<br>• അധ്യാപികയുടെ നിർദ്ദേശപ്രകാരം പരീക്ഷണങ്ങൾ ചെയ്യുന്നു | ഒക്ടോബർ- മാർച്ച് | സയൻസ് അധ്യാപകർ |

# സാമൂഹ്യശാസ്ത്രം

| ക്രമ സംഖ്യ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | പത്രവായന, പ്രതിദിന ക്വിസ് | ജൂൺ - ഡിസംബർ | സോഷ്യൽ സയൻസ് അധ്യാപകർ, ക്ലബ് അംഗങ്ങൾ | Sponsorship |
| 2 | ഭൂപട വായനയിൽ താൽപര്യം വളർത്താൻ | സ്കൂൾ അസംബ്ലിയിൽ രാജ്യങ്ങളെ പരിചയപ്പെടൽ | ജൂലൈ - ഡിസംബർ | സോഷ്യൽ സയൻസ് അധ്യാപകർ, ക്ലബ് അംഗങ്ങൾ | School network |
| 3 | പ്രാദേശിക ചരിത്രത്തിൽ താല്പര്യം വളർത്താൻ | ഫീൽഡ് ട്രിപ്പ്, പ്രാദേശിക ചിത്രരചന | 1വർഷം | സോഷ്യൽ സയൻസ് അധ്യാപകർ, ക്ലബ് അംഗങ്ങൾ | കുട്ടികളിൽ നിന്ന് ഫണ്ട് ശേഖരണം |
| 4 | ICT പ്രയോജനപ്പെടുത്തൽ , സർഗശേഷി വർദ്ധിപ്പിക്കൽ | ക്ലാസ് മാഗസിൻ തയ്യാറാക്കൽ | ഡിസംബർ | സോഷ്യൽ സയൻസ് അധ്യാപകർ, ക്ലബ് അംഗങ്ങൾ | PTA |
| 5 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് ചരിത്ര പഠനത്തിൽ താൽപര്യം വളർത്തൽ | സാമൂഹ്യ ശാസ്ത്രലാബ് തയ്യാറാക്കൽ | 1 വർഷം | സോഷ്യൽ സയൻസ് അധ്യാപകർ, ക്ലബ് അംഗങ്ങൾ | PTA, BRC, Resource teachers |

## ഗണിതം

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഗണിതത്തിൽ അഭിരുചി വളർത്തുക | എല്ലാ തിങ്കളാഴ്ചയും ഗണിത ക്വിസ് കോർണറിൽ ഗണിത ക്വിസ് നടത്തുന്നു. വിജയി കൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു | ജൂൺ - ജനവരി | ഗണിത അധ്യാപകർ | Rs. 500 /- Sponsorship |
| 2 | എല്ലാ കുട്ടികൾക്കും ഗണിതത്തിലെ അധിസംഖ്യകളും ന്യൂനസംഖ്യകളും ഉപയോഗിച്ചുള്ള ചതുഷ്ക്രിയകൾ അനായാസമാക്കുക | നാലോ അഞ്ചോ കുട്ടികളായി ഗ്രൂപ്പ് തിരിച്ച് വിവിധ കളികൾ പരിചയപ്പെടുത്തുന്നു. പരിശീലിപ്പിക്കുന്നു.<br>1. ഒരു ഏണിയുടെ ചിത്രം വരച്ച് അതിൽ രേഖീയ സംഖ്യകൾ അടയാളപ്പെടുത്തുന്നു.'+' ചിഹ്നം മുകളിലേക്കും '-' ചിഹ്നം താഴേക്കുമുള്ള നീക്കം കുട്ടികൾ പരസ്പരം സംഖ്യകൾ പറഞ്ഞ് കരുക്കൾ ഉപയോഗിച്ച് കളിക്കുന്നു<br>2. കാർഡിൽ +ve, -ve സംഖ്യകൾ എഴുതി പരസ്പരം പറയുന്ന സംഖ്യകൾ കൂട്ടി കൂട്ടി ആദ്യം 100 ൽ എത്തുന്ന കുട്ടി ജയിക്കുന്നു.<br>3. ഒരു കടയിൽ നിന്ന് കുറച്ച് ബില്ലുകൾ ശേഖരിച്ച് അതിലെ ഡിസ്കൗണ്ട്, തുക എന്നിവ പരിശോധിക്കുന്നു.<br>4. Drill work -നായി worksheet നൽകി ഉറപ്പിക്കുന്നു. | ജൂൺ- ജൂലൈ<br>ആഗസ്റ്റ് - സെപ്റ്റംബർ<br>ഒക്ടോബർ- നവംബർ<br>ഡിസംബർ - ജനവരി | ഗണിത അധ്യാപകർ | Rs.2000/- (teacher's grant) |